File No.REV-E3/50/2018-REV

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - റവന്യൂ ഇ-പേയ്മെന്റ് സംവിധാനം സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ - പൊതുജനങ്ങൾക്ക് രസീതുകൾ നൽകുന്നതിനും രസീതുകൾക്കും രജിസ്റ്ററുകൾക്കും നിയമ സാധുത നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഇ) വകുപ്പ്

സ.ഉ.(കൈ) നം./180/2018/റവ. തീയതി,തിരുവനന്തപുരം, 10/05/2018

പരാമർശം:- 1) സ.ഉ.(എം.എസ്സ്) നം. 575/2015/റവന്യൂ തീയതി 17/10/2015

2) സ.ഉ.(എം.എസ്സ്) നം. 117/2016/റവന്യൂ തീയതി 16/02/2016

3) 10/01/2018 ലെ ലാന്റ് റവന്യൂ കമ്മീഷണറുടെ എൽ.ആർ.(ഐ.റ്റി.സെൽ)21896/17 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം ഒന്ന് സർക്കാർ ഉത്തരവ് പ്രകാരം ഇന്റഗ്രേറ്റഡ് ഓൺലൈൻ പോക്കുവരവ് സംവിധാനം സംസ്ഥാനം ഒട്ടാകെ നടപ്പിലാക്കുതിന് അനുമതി നൽകി ഉത്തരവായിരുന്നു. പരാമർശം രണ്ട് ഉത്തരവ് പ്രകാരം സംയോജിത ഓൺലൈൻ പോക്കുവരവ് നടപ്പിലായ എല്ലാ വില്ലേജുകളിലും ഓൺലൈൻ ടാക്സ് പേയ്മെന്റ് സിസ്റ്റത്തിലൂടെ കരം സ്വീകരിക്കുതിന് അനുമതി നല്കി ഉത്തരവായിരുന്നു.

സംസ്ഥാനത്തെ ആറ് വില്ലേജുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പാക്കുകയും ഭൂനികുതി, പോക്കുവരവ് ഫീസ്, കർഷകത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്കുള്ള പിരിവ് എന്നിവ ഉൾപ്പെടെ റവന്യൂ വകുപ്പ് മുഖേന സർക്കാർ ഖജനാവിലേയ്ക്ക് മുതൽ ചേർക്കുന്ന വിവിധ നികുതികളും ഫീസുകളും ഉൾപ്പെടുത്തി വിപുലീകരിക്കുകയും ടി വില്ലേജുകളിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയുമുണ്ടായി. ഈ സംവിധാനം കാര്യക്ഷമമാണെന്നും സംസ്ഥാനത്തെ മറ്റ് വില്ലേജുകളിലേയ്ക്ക് വ്യാപിപ്പിക്കാവുന്നതാണെന്നും ബോധ്യപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ റവന്യൂ ഇ-പേയ്മെന്റ് സംവിധാനം സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങളും അനുമതികളും പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

1) റവന്യൂ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കുമ്പോൾ നിലവിൽ വില്ലേജ് ഓഫീസുകളിൽ ഉപയോഗിച്ച് വരുന്നതും മാന്വൽ ആയി തയ്യാറാക്കി സൂക്ഷിക്കുന്നതുമായ ബന്ധപ്പെട്ട രജിസ്റ്ററുകളും അക്കൗണ്ടുകളും സിസ്റ്റത്തിൽ നിന്നും പ്രിന്റ് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

2) ഇ-പേയ്മെന്റ് സംവിധാനം വഴി നികുതി ഒടുക്കുന്ന പൊതുജനങ്ങൾക്ക് നിലവിൽ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റത്തിലൂടെ നൽകി വരുന്ന മാതൃകയിലുള്ള രസീതുകൾ നൽകേണ്ടതാണ്.

3) വില്ലേജ് ഓഫീസിൽ നടത്താറുള്ള ജമാബന്ദി മുതലായ പരിശോധനകൾക്ക വേണ്ടി ഓൺലൈൻ സംവിധാനത്തിലൂടെ തയ്യാറാക്കുന്ന രസീതുകൾക്കും അക്കൗണ്ടുകൾക്കും രജിസ്റ്ററുകൾക്കും നിയമ സാധുത ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.എച്ച്.കുര്യൻ**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം
സർവ്വേ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാകളക്ടർ/ആർ.ഡി.ഒ/തഹസിൽദാർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ